## സർക്കുലർ

74/NSS/DHSE/2017 13 /06/2017

### അന്തർദേശീയ രക്തദാതാക്കളുടെ ദിനം ജൂൺ 14

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ എല്ലാ എൻഎസ്എസ് യൂണിറ്റുകളും ദേശീയ അന്തർദേശീയ രക്തദാന ദിനം ആചരിക്കാറുണ്ട്. എൻഎസ്എസ് യൂണിറ്റുകളുടെ രക്തദാനക്യാമ്പ്, രക്തദാന ബോധവൽക്കരണ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് ആവശ്യമായി വരുന്ന ജീവരക്തത്തിന്റെ സിംഹഭാഗവും ലഭ്യമാക്കുന്നു. രക്തഗ്രൂപ്പുകളെ തിരിച്ചറിഞ്ഞ കാൾ ലാന്റ്സ്റ്റൈനറുടെ ജന്മദിനമായ ജൂൺ 14, 2004 മുതൽ അന്തർദേശീയ രക്തദാതാക്കളുടെ ദിനമായി ആചരിക്കുന്നു. അന്തർദേശീയ രക്തദാതാക്കളുടെ ദിനത്തിന്റെ ലക്ഷ്യം “ Public awareness for safe blood donation voluntarily”.

ഡെങ്കിപ്പനി ബാധിച്ചു ഗുരുതരാവസ്ഥയിലാകുന്നവർക്കും അപകടങ്ങളിൽ പെടുന്നവർക്കും രക്തം അത്യാവശ്യമായി വരുന്നു. അതിനാൽ മുൻവർഷങ്ങളിലേതുപോലെ രക്തദാന ക്യാമ്പ്, രക്തദാന ബോധവൽക്കരണ ക്യാമ്പ് എന്നിവ എല്ലാ എൻഎസ്എസ് യൂണിറ്റുകളും സംഘടിപ്പിക്കേണ്ടതാണ്.

ഒപ്പ്
പ്രോഗ്രാം കോഡിനേറ്റർ